**സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)**
ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം. പി.ഒ., തിരുവനന്തപുരം-695027
ഫോൺ: 2380910/ 912/ 895 • ഫാക്സ്: 2380681

# റിപ്പോർട്ട്

**ഇമേജിംഗ് ടെക്നോളജി മേഖലയിലെ** ഗവേഷണവും വികസനവും ലക്ഷ്യമാക്കി 1988 ഡിസംബറിലാണ് മുഖ്യമന്ത്രി ചെയർമാനായി സി-ഡിററ് രജിസ്റ്റർ ചെയ്തത്.

ശ്രീ. പി. ഗോവിന്ദപ്പിള്ള ഡയറക്ടറായി 1989 മെയിലാണ് സി-ഡിററ് ഔപചാരികമായി പ്രവർത്തനം ആരംഭിച്ചത്. C-TAAS (സെന്റർ ഫോർ ടെക്നോളജി അഡാപ്ഷൻ & അപ്സോർഷൻ) ആണ് സി-ഡിററ് നടപ്പിലാക്കിയ ആദ്യപദ്ധതി. സിനിമാ വീഡിയോ സാങ്കേതിക വിദ്യയിൽ സ്വയം പര്യാപ്തത നേടുക എന്നതായിരുന്നു C-TAAS ന്റെ ലക്ഷ്യം.

തുടർന്ന് കേരള സർക്കാരിന്റെയും NCSTC യുടെയും സഹകരണത്തോടെ C-DECOM പദ്ധതി ആരംഭിക്കുക വഴി ആധുനിക വീഡിയോ പ്രൊഡക്ഷൻ സംവിധാനം പ്രവർത്തനക്ഷമമായി.

1995-ൽ സി-ഡിററിന്റെ നേതൃത്വത്തിൽ ആദ്യത്തെ ഇന്റർനാഷണൽ വീഡിയോ ഫെസ്റ്റിവൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. അതേ കാലഘട്ടത്തിൽ തന്നെ ഹോളോഗ്രഫി വിഭാഗവും ആരംഭം കുറിച്ചു.

1998-99ൽ ഇമേജിംഗ് ടെക്നോളജിയിൽ നിന്ന് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ്, സിസ്റ്റം ഇന്റഗ്രേഷൻ & സിസ്റ്റം സപ്പോർട്ട് എന്നീ പ്രവർത്തനങ്ങളിലൂടെ ഇൻഫർമേഷൻ ടെക്നോളജി മേഖലയിലേക്ക് സി-ഡിററിന്റെ പ്രവർത്തന മേഖല വ്യാപിപ്പിച്ചു. 2005 മുതൽ സംസ്ഥാന സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിലായ സി-ഡിററ്, പി.ആർ.ഡിക്കു വേണ്ടി വിഷ്വൽ കമ്മ്യൂണിക്കേഷൻ മേഖലയിൽ ഒട്ടനവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

ഈ സാമ്പത്തികവർഷം മുതൽ 14 ഡിവിഷനുകളായാണ് സി-ഡിററ് പ്രവർത്തിക്കുന്നത്. സി-ഡിററിന്റെ സാമൂഹിക പ്രസക്തി ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചത് സി-ഡിററ് ഇതിനോടകം തയ്യാറാക്കിയ 750-ൽ പരം ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളുമാണ്. ഇതിൽ അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടിയ ചിത്രങ്ങളും ഉൾപ്പെടുന്നുവെന്നത് തികച്ചും അഭിമാനകരമാണ്. ഈ മേഖലയിലെ സാധ്യത തൊട്ടറിഞ്ഞ് പരസ്യചിത്ര നിർമ്മാണത്തിനായി ഒരു പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്.

ഇന്ത്യയിലാദ്യമായി സർക്കാർ മേഖലയിൽ ഹോളോഗ്രാം നിർമ്മാണയൂണിററ് ആരംഭിച്ചത് സി-ഡിററിന്റെ കീഴിലാണ്. സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഡിഗ്രി സർട്ടിഫിക്കററ്, മോട്ടോർ വാഹന. വകുപ്പിന്റെ പെർമിററ് കാർഡ്, ബിവറേജസ് കോർപ്പറേഷന്റെ സെക്യൂരിററി ലേബൽ നിർമ്മാണം, സംസ്ഥാന കുടുംബശ്രീ മിഷനുവേണ്ടി ഗുണഭോക്താക്കൾക്ക് ഹോളോഗ്രാം ബയോമെട്രിക് തിരിച്ചറിയൽ കാർഡ് തയ്യാറാക്കുന്ന പദ്ധതി എന്നിവ ഇപ്പോൾ സി-ഡിററിന്റെ ചുമതലയിലാണ്.

രജിസ്ട്രേഷൻ വകുപ്പിനുവേണ്ടി സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഡിജിററൽ ഇമേജ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയത് സി-ഡിററാണ്. ഇതോടെ എത്രവർഷത്തെ പഴക്കമുള്ള ആധാരങ്ങളുടെ പകർപ്പും നിമിഷങ്ങൾക്കകം ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് കഴിയും. കാലപ്പഴക്കം മൂലം റഫറൻസ് സൗകര്യം സാധ്യമല്ലാതായ പഴയതും വിപണിയിൽ ലഭ്യമല്ലാത്തതുമായ പുസ്തകങ്ങളും താളിയോലകളും ഡിജിറ്റൈസ് ചെയ്ത് ഓഫ്‌ലൈനായും ഓൺലൈനായും റഫറൻസ് ലൈബ്രറി സൗകര്യം ഒരുക്കുന്ന പദ്ധതി കേരള സർവ്വകലാശാല, സാഹിത്യഅക്കാദമി എന്നീ സ്ഥാപനങ്ങൾക്കായി നടപ്പിലാക്കി വരുന്നു.

സാങ്കേതികവിദ്യാ വ്യാപന പദ്ധതിയുടെ ഭാഗമായി ടെക്നോളജി എക്സ്റ്റൻഷൻ ടീമിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 300ലധികം വിദ്യാഭ്യാസ സ്ഥാപന പങ്കാളികളിലൂടെ നടത്തിവരുന്ന ഐ.ടി. കോഴ്സുകളിൽ പ്രതിവർഷം പതിനായിരത്തിലധികം കുട്ടികൾ പഠനം നടത്തുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 47 പോളിടെക്നിക് കോളേജുകളിലെ തുടർവിദ്യാഭ്യാസ

കേന്ദ്രവുമായി ചേർന്ന് ഐ.ടി. കോഴ്സുകൾ നടത്താൻ വിദ്യാഭ്യാസ വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം തന്നെ ആദ്യബാച്ച് ആരംഭിക്കുകയാണ്. ആരോഗ്യകേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കും ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലുള്ള പരിശീലനം, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനു വേണ്ടിയുള്ള തൊഴിലധിഷ്ഠിത പരിശീലനം എന്നിവ സി.ഇ.പി. സെന്ററുകൾ വഴിയാണ് നടന്നു വരുന്നത്.

മലയാളഭാഷാ സാങ്കേതികവിദ്യാ ഗവേഷണം, വികസനം, പരിശീലനം എന്നിവ ലക്ഷ്യം വെച്ച് കംപ്യൂട്ടേഷണൽ ലിംഗിസ്റ്റിക് ടീമിന്റെ കീഴിൽ 'മിഷൻ മലയാളം' പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഒന്നും രണ്ടും ഘട്ടങ്ങളിലായി 'നിള' ഔദ്യോഗിക മലയാളം സോഫ്റ്റ്‌വെയറും 'കാവേരി' സ്വതന്ത്ര മലയാളം സോഫ്റ്റ്‌വെയറും പുറത്തിറക്കി. ഇപ്പോൾ മൂന്നാം ഘട്ടമായ 'പെരിയാർ' മലയാളം കമ്മ്യൂണിറ്റി സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്കൂൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട മൾട്ടിമീഡിയ സി.ഡി.റോമുകൾ തയ്യാറാക്കി നൽകുന്നതിൽ ശ്രദ്ധേയമായ പ്രവർത്തനമാണ് എഡ്യൂക്കേഷൻ ഇൻഫർമാറ്റിക്സ് & ന്യൂമീഡിയാ ടീം നിർവ്വഹിച്ചു വരുന്നത്. ഭരണ നിർവ്വഹണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് സ്വാധീനം ചെലുത്തുന്ന സുതാര്യകേരളം പൊതുജന പരാതി പരിഹാര പരിപാടി പി.ആർ.ഡിയ്ക്കു വേണ്ടി തയ്യാറാക്കുന്നതും സി-ഡിറ്റിന്റെ ചുമതലയിലാണ്.

സംസ്ഥാന പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന സൈബർശ്രീ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതിയാണ്.

കമ്മ്യൂണിക്കേഷൻ ട്രെയിനിംഗ് ഡിവിഷന്റെ കീഴിൽ ടെലിവിഷൻ ആന്റ് ന്യൂമീഡിയ. ഇ-ലേണിങ്ങ്, ആങ്കറിംഗ് ആന്റ് ന്യൂസ് പ്രസന്റേഷൻ എന്നിങ്ങനെ അഞ്ച് പുതിയ കോഴ്സുകൾ ആരംഭിച്ചു.

കേരളത്തിലെ സർക്കാർ, സ്വകാര്യമേഖലകളിലെ 350-ഓളം സ്ഥാപനങ്ങളുടെ വെബ്സൈറ്റ് പരിപാലനം ചെയ്യുന്നത് സി-ഡിറ്റാണ്. കേരളത്തിലെ ആദ്യ മന്ത്രിസഭയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് പബ്ലിക് റിലേഷൻസ് വകുപ്പിനു വേണ്ടി സി-ഡിറ്റ് തയ്യാറാക്കിയ വെബ്സൈറ്റ് ഇന്ത്യയിലെ ആദ്യത്തെ സംരംഭമായി. കേരള ഗസറ്റിന്റെ ഓൺലൈൻ പതിപ്പ് പുറത്തിറക്കിയതോടെ ഗസറ്റ് റഫറൻസിനുള്ള കാലതാമസം ഒഴിവായി. കേരളത്തിലെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ അടങ്ങുന്ന വിവരാവകാശം സംബന്ധിച്ച വെബ്സൈറ്റ് തയ്യാറാക്കി. ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമാണിത്. ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ പോർട്ടലിൽ കേരളത്തെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനുള്ള കണ്ടന്റ് സർവ്വീസ് പ്രൊവൈഡറായി സി-ഡിറ്റിനെ തെരഞ്ഞെടുത്തതും അഭിമാനാർഹമായ മറ്റൊരു കാര്യമാണ്.

വളരെയധികം ജനസമ്മതിയുള്ള ഫ്രണ്ട്സ്, അക്ഷയ തുടങ്ങിയ പ്രോജക്ടുകൾക്ക് തുടക്കം മുതൽ സാങ്കേതിക സഹായം നൽകിവരുന്നത് സി-ഡിറ്റ് ഇ-ഗവേർണൻസ് ഡിവിഷനാണ്.

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചാരണം, വികസനം എന്നീ മേഖലകളിൽ മാത്രം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഡിവിഷനുള്ള ഏക സർക്കാർ സ്ഥാപനമാണ് സി-ഡിറ്റ്. അക്ഷയക്ക് വേണ്ടി ആദ്യത്തെ മൾട്ടിമീഡിയാ സി.ഡി. സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയത് സി-ഡിറ്റാണ്. കണ്ണൂർ സർവ്വകലാശാലയിലെ പരീക്ഷാവിഭാഗം സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ സി-ഡിറ്റ് കംപ്യൂട്ടർവത്ക്കരിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ പരാതി പരിഹാര പരിപാടിയുടെ ഭാഗമായ സുതാര്യകേരളം പരിപാടിയുടെ സോഫ്റ്റ്‌വെയർ സി-ഡിറ്റ് വികസിപ്പിച്ചത് സ്വതന്ത്ര സോഫ്റ്റ്‌വെയറിലാണ്. ഇന്ത്യയിലാദ്യമായി സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ ഉന്നതപരിശീലനം നൽകുന്ന സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (കാറ്റ്ഫോസ്) എന്ന സ്ഥാപനം ഈ മാസം സി-ഡിറ്റും ഐ.ടി. മിഷനും ചേർന്ന് എറണാകുളത്ത് ആരംഭിക്കുകയാണ്.

ഇരുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി 6 മാസം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. സൈബർ ക്രൈം സംബന്ധിച്ച ദേശീയ സെമിനാർ, ഉല്പന്നങ്ങൾ അനുകരിക്കുന്നതും വ്യാജരേഖ ചമയ്ക്കുന്നതും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവ തടയുന്നതിനായി ഹോളോഗ്രാം ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് സംബന്ധിച്ച അന്തർദ്ദേശീയ

ശില്പശാല, വിവരസാങ്കേതിക രംഗത്തെ തൊഴിൽസാധ്യതകൾ സംബന്ധിച്ച് അഞ്ച് ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ മേളകൾ, അന്താരാഷ്ട്ര വീഡിയോ ഫെസ്റ്റിവൽ, ഇ-ഗവേർണൻസ് മേഖലയിലെ വാണിജ്യ സാധ്യതകൾ സംബന്ധിച്ച സെമിനാർ, അഖിലേന്ത്യാ തലത്തിൽ ഹ്രസ്വ ആനിമേഷൻ ഫിലിം മത്സരം എന്നിവയാണ് പ്രധാന പരിപാടികൾ.

റെക്കോർഡ് വളർച്ചാനിരക്കും പ്രവർത്തനലാഭനേട്ടവുമായാണ് സി-ഡിറ്റ് 20-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നത്. 2007-08 വർഷം 19 കോടി രൂപയുടെ മൊത്ത വരുമാനമാണ് സി-ഡിറ്റ് നേടിയത്. മുൻവർഷത്തെക്കാൾ 103 ശതമാനം അധിക വരുമാനം നേടുവാനും ഈ കാലയളവിൽ സി-ഡിറ്റിന് കഴിഞ്ഞു. ഇതുവഴി സ്ഥാപനത്തിന് 6 കോടി രൂപയുടെ പ്രവർത്തനലാഭം ഉണ്ടാക്കുവാനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനും സാധിച്ചു. ഈ സാമ്പത്തിക വർഷം 40 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം തന്നെ 27 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമായി. കമ്മ്യൂണിക്കേഷൻ, ആനിമേഷൻ മേഖലയിൽ ഓഫ് ക്യാമ്പസുകൾ വിവിധ ജില്ലകളിൽ പ്രവർത്തനം തുടങ്ങി. ഇരുപതാം വാർഷികവുമായി ബന്ധപ്പെട്ട് എറണാകുളം, കണ്ണൂർ ജില്ലകളിൽ റീജിയണൽ സെന്ററുകളും ഈ വർഷം പ്രവർത്തനം തുടങ്ങും.

ഹോളോഗ്രാഫി ഡിവിഷനുവേണ്ടി 5000 ചതുരശ്രഅടി വിസ്തീർണ്ണമുള്ള പുതിയ ഫാക്ടറി കെട്ടിടത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ശിലാസ്ഥാപനം നടത്തിയിരിക്കുകയാണ്. പുതിയ കെട്ടിടം യാഥാർത്ഥ്യമാകുന്നതോടു കൂടി ഹോളോഗ്രാം മേഖലയിൽ വർദ്ധിച്ചുവരുന്ന ബിസിനസ്സ് ആവശ്യങ്ങൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുവാൻ സി-ഡിറ്റിനു കഴിയുമെന്ന് പ്രത്യാശിക്കുന്നു.

കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ശാസ്ത്ര, സാങ്കേതിക, വിനിമയ മേഖലകളിൽ വേറിട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്നതിലൂടെ സമൂഹത്തിന്റെ ഭാഗമാകുവാൻ നിർലോപമായ പ്രോത്സാഹനവും മാർഗ്ഗ നിർദ്ദേശവും നൽകിയ സർക്കാരുകളോടും വിശേഷാൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സി-ഡിറ്റ് ജീവനക്കാരുടെ ജോലിസ്ഥിരത സംബന്ധിച്ച തീരുമാനം എടുത്തതിലും ചെയർമാൻ എന്ന നിലയിൽ സി-ഡിറ്റിന്റെ നിർണ്ണായക വളർച്ചയ്ക്ക് നടുനായകത്വം വഹിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദനോടുമുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കട്ടെ.

കെ.ടി. ബാലഭാസ്കരൻ
രജിസ്ട്രാർ